ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:12.09.2025**

## പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ മിസോറാം, മണിപ്പൂർ, അസം എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കും. 5 സംസ്ഥാനങ്ങളിലായി 71,850 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി വരുംദിവസങ്ങളിൽ തുടക്കം കുറിക്കും.

2) കേരള അർബൻ കോൺക്ലേവ് രാജ്യത്തെ മറ്റ് നഗരസഭകൾക്ക് മാതൃകയാണെന്ന് കേന്ദ്ര നഗരകാര്യമന്ത്രി മനോഹർലാൽ ഖട്ടർ.

3) നേപ്പാൾ അതിർത്തിയിൽ കുടുങ്ങിയ മലയാളി തീർത്ഥാടകരിൽ 15 പേർ സംസ്ഥാനത്ത് മടങ്ങിയെത്തിയതായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.

4) അമീബിക് മസ്തിഷ്ക ജ്വരം നേരത്തെ കണ്ടുപിടിക്കുന്നതിലൂടെ മരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ കേരളത്തിന് സാധിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

5) **CPI** സംസ്ഥാന സെക്രട്ടറിയായി ബിനോയ് വിശ്വം തുടരും.

6) ഏഷ്യാ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ ഒമാനെ നേരിടും

****************************************

RNU TVPM

## പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്രമോദി മിസോറാം, മണിപ്പൂർ, അസം, പശ്ചിമ ബംഗാൾ, ബിഹാർ എന്നീ അഞ്ച് സംസ്ഥാനങ്ങൾ വരും ദിവസങ്ങളിൽ സന്ദർശിക്കും. നാളെ മുതൽ ഈ മാസം 15 വരെ നീളുന്ന സന്ദർശനത്തിനിടെ 71,850 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. മിസോറാം തലസ്ഥാനമായ ഐസ്വാളിൽ നാളെ 9,000 കോടി രൂപയുടെ പദ്ധതികൾക്ക് പ്രാരംഭം കുറിക്കുന്ന പ്രധാനമന്ത്രി പൊതുസമ്മേളനത്തെയും അഭിസംബോധന ചെയ്യും. തുടർന്ന് മണിപ്പൂരിലെത്തുന്ന അദ്ദേഹം ചുരാചന്ദ്പൂരിലും, ഇംഫാലിലുമായി 8,500 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിക്കും. അസം തലസ്ഥാനമായ ഗുവാഹട്ടിയിൽ നാളെ വൈകുന്നേരം നടക്കുന്ന ഭുപൻ ഹസാരിക ജന്മ ശതാബ്ദി ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുക്കും. മറ്റന്നാൾ അസമിൽ 18,530 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിച്ച ശേഷം അദ്ദേഹം പശ്ചിമബംഗാളിലെത്തും. കൊൽക്കത്തയിൽ നടക്കുന്ന 16-ാമത് കമ്പൈൻഡ് കമാൻഡേഴ്സ് കോൺഫറൻസിനെ അദ്ദേഹം 15 ന് അഭിസംബോധന ചെയ്യും. തുടർന്ന് ബിഹാറിലെത്തുന്ന പ്രധാനമന്ത്രി ദേശീയ മഖാനാ ബോർഡിന് തുടക്കം കുറിക്കുന്നതിനൊപ്പം, പൂർണിയ വിമാനത്താവളത്തിൻറെ പുതിയ ടെർമിനലും ഉദ്ഘാടനം ചെയ്യും.

RNU TVPM

************************************

## ഉപരാഷ്ട്രപതി

ഇന്ത്യയുടെ പതിനഞ്ചാമത് ഉപരാഷ്ട്രപതിയായി സി.പി.രാധാകൃഷ്ണൻ സ്ഥാനമേറ്റു. രാഷ്ട്രപതി ഭവനിൽ ഇന്ന് രാവിലെ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദ്, മുൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ,

കേന്ദ്രമന്ത്രിമാർ തുടങ്ങി നിരവധി പ്രമുഖർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു. പാർലമെന്റ് മന്ദിരത്തിലെ പ്രേരണ സ്ഥലിൽ ഗാന്ധിജി ഉൾപ്പെടെയുള്ള മഹാന്മാരുടെ പ്രതിമകളിൽ ശ്രീ സി.പി. രാധാകൃഷ്ണൻ ഇന്ന് പുഷ്പാർച്ചന നടത്തി. പാർലമെന്റ് സമുച്ചയത്തിൽ അദ്ദേഹം വൃക്ഷതൈയും നട്ടു.

******************************

## അർബൻ കോൺക്ലേവ്

അതിവേഗം നഗരവത്കരണം നടക്കുന്ന കേരളത്തിൽ, വ്യക്തവും സുസ്ഥിരവുമായ നഗരനയം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തിനായി ആദ്യ സമഗ്ര നഗരനയം രൂപീകരിക്കുന്നതിനുള്ള രണ്ട് ദിവസത്തെ അർബൻ കോൺക്ലേവ് ഇന്ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. 2030 ഓടെ കേരള ജനസംഖ്യയുടെ 90 ശതമാനത്തോളം നഗര ജനസംഖ്യയായി മാറുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള അർബൻ കോൺക്ലേവ് രാജ്യത്തെ മറ്റ് നഗരസഭകൾക്ക് മാതൃകയാണെന്ന് ചടങ്ങിൽ മുഖ്യതിഥിയായ കേന്ദ്ര നഗരകാര്യമന്ത്രി മനോഹർലാൽ ഖട്ടർ പറഞ്ഞു. നഗരവത്കരണത്തിൻറെ കാര്യത്തിൽ കേരളം അതിവേഗം മുന്നേറുകയാണെന്നും, ഗതാഗത രംഗത്ത് കൊച്ചി മെട്രോയും വാട്ടർ മെട്രോയും മികച്ച പ്രവർത്തനം നടത്തി വരുന്നതായും അദ്ദേഹം വ്യക്തമാക്കി. മന്ത്രി എംബി രാജേഷ് ചടങ്ങിന് അധ്യക്ഷത വഹിച്ചു.

******************************

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഈ മാസം 15 ന് തുടക്കമാകും. ഒക്ടോബർ 10 വരെ നീളുന്ന സമ്മേളന കാലയളവിൽ 12 ദിവസമാണ് സഭ ചേരുക.ആദ്യ

RNU TVPM

ദിനം, അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് ചരമോപചാരം അർപ്പിച്ച് സഭ പിരിയും.

******************************

## നേപ്പാൾ - മലയാളികൾ

നേപ്പാൾ അതിർത്തിയിൽ കുടുങ്ങിയ മലയാളി തീർത്ഥാടകരിലെ 15 പേരുടെ സംഘം കേരളത്തിൽ തിരിച്ചെത്തിയതായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. നേപ്പാളിൽ യുവജന പ്രക്ഷോഭത്തെത്തുടർന്ന് ചൈന അതിർത്തി അടച്ചതുമൂലം 3000-ൽ പരം മാനസ സരോവർ യാത്രികരാണ് ഡാർചൻ മേഖലയിൽ കുടുങ്ങിയത്. വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ശ്രീ ജോർജ് കുര്യൻ, വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരീറ്റയോട് അഭ്യർത്ഥിച്ചിരുന്നു.

RNU TVPM

******************************

## മന്ത്രി വീണാ ജോർജ്ജ്-മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരം നേരത്തെ കണ്ടുപിടിക്കുന്നതിലൂടെ മരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ കേരളത്തിന് സാധിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. മസ്തിഷ്ക ജ്വരം ബാധിക്കുന്നവരിൽ, അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ പരിശോധനകൾ കൂടി നടത്തുന്നതിലൂടെ പലരേയും രക്ഷിക്കാനായെന്നും മന്ത്രി പറഞ്ഞു. വളരെ ഉയർന്ന മരണനിരക്കുള്ള ഈ രോഗത്തെ നേരിടാൻ പ്രത്യേക പ്രോട്ടോകോൾ ഉൾപ്പെടെ സംസ്ഥാനം തയ്യാറാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

******************************

## സുരേഷ് ഗോപി-കേന്ദ്ര സഹായം

തൃശ്ശൂരിലെ പുലിക്കളി സംഘങ്ങൾക്ക് നൽകുന്ന കേന്ദ്ര സഹായം അടുത്ത വർഷം അഞ്ച് ലക്ഷം രൂപയായി ഉയർത്തുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. പുലിക്കളി തൃശ്ശൂരിന്റെ തനതായ കലാരൂപമാണെന്നും, പൂരം പോലെ തന്നെ സാംസ്കാരിക പൈതൃകം പുലിക്കളിക്കുണ്ടെന്നും അദ്ദേഹം തൃശ്ശൂരിൽ പറഞ്ഞു.

******************************

## ജി.എസ്.ടി

രാജ്യത്ത് ഈ മാസം 22 മുതൽ നിലവിൽ വരുന്ന ജിഎസ്.ടി ഘടനാ പരിഷ്കരണം വാഹനമേഖലയ്ക്ക് ഏറെ ഗുണം ചെയ്യുമെന്ന് കേന്ദ്രസർക്കാർ. വാഹനങ്ങളുടേയും,അനുബന്ധ ഘടകങ്ങളുടേ യും വിവിധ വിഭാഗങ്ങളിലെ ജി.എസ്.ടി നിരക്കുകളിൽ വലിയരീതിലുള്ള ഇളവുകളാണ് ഇതിലൂടെ വരുത്തിയിരിക്കുന്നത്. ഇരു ചക്ര വാഹനങ്ങൾ, ചെറിയ കാറുകൾ, ട്രാക്റ്ററുകൾ, ബസ്, ട്രക്ക് എന്നിവയുടെ വില ഇതുമൂലം കുറയും.

RNU TVPM

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

******************************

## സി.പി.ഐ സംസ്ഥാന സെക്രട്ടറി

CPI സംസ്ഥാന സെക്രട്ടറിയായി ബിനോയ് വിശ്വം തുടരും. ആലപ്പുഴയിൽ നടന്ന സംസ്ഥാന സമ്മേളനമാണ് ബിനോയ് വിശ്വത്തെ വീണ്ടും സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുത്തത്.

സംസ്ഥാന കൗൺസിലിലേക്ക് 103 പേരെയും കാൻഡിഡേറ്റ് അംഗങ്ങളായി 11 പേരെയും തെരഞ്ഞെടുത്തു.

******************************

## സൈനികൻറെ ഭൗതിക ശരീരം

ഡെറാഡൂണിലെ ഇന്ത്യൻ സൈനിക അക്കാദമിയിലെ പരിശീലനത്തിനിടെ ജീവൻ നഷ്ടമായ തിരുവനന്തപുരം പാപ്പനംകോട് സ്വദേശിയായ ഓഫീസർ കേഡറ്റ് എസ് ബാലുവിൻറെ ഭൗതിക ശരീരം ഇന്ന് രാത്രി 11 മണിക്ക് തിരുവനന്തപുരത്ത് എത്തിക്കും. അന്ത്യാഞ്ജലി അർപ്പിക്കുന്നതിനുള്ള സൗകര്യം വിമാനത്താവളത്തിൻറെ പ്രവേശനകവാടത്തിനു സമീപം ഒരുക്കിയിട്ടുണ്ട്. സംസ്കാരം തൈക്കാട് ശാന്തികവാടത്തിൽ നാളെ നടക്കും .

RNU TVPM

******************************

## വെഞ്ഞാറമൂട് - ഗതാഗത നിയന്ത്രണം (ഇൻട്രോ)

വെഞ്ഞാറമൂട് മേൽപാല നിർമ്മാണത്തിന്റെ പൈലിംഗ് ജോലികളുമായി ബന്ധപ്പെട്ട ഗതാഗത നിയന്ത്രണം ഇന്നലെ മുതൽ നിലവിൽ വന്നു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്......**

(വോയ്സ്)

******************************

## ആർദ്ര കേരളം പുരസ്കാരം

ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ആർദ്ര കേരളം

പുരസ്കാരം മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. പാലക്കാട് ജില്ലയിലെ വെള്ളനേഴി പഞ്ചായത്ത് ഗ്രാമപഞ്ചായത്തുതലത്തിൽ ഒന്നാമതെത്തി. ഇടുക്കി ജില്ലാ പഞ്ചായത്തും, എറണാകുളം പള്ളുരുത്തി ബേ്ളാക്ക് പഞ്ചായത്തും, ഗുരുവായൂർ മുനിസിപ്പാലിറ്റിയും തിരുവനന്തപുരം നഗരസഭയും വിവിധ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനത്തെത്തി.

********************************

## ഡബിൾ ഡക്കർ ബസ് അപകടം

മൂന്നാറിൽ കെ.എസ്.ആർ.ടി.സി ഡബിൾ ഡക്കർ ബസ് അപകടത്തിൽപ്പെട്ടു. മൂന്നാറിൽ വിനോദ സഞ്ചാരികൾക്കായി സർവ്വീസ് നടത്തുന്ന കെ എസ് ആർ ടി സി ഡബിൾ ഡക്കർ ബസാണ് ദേവികുളം ഇരച്ചിൽപാറക്ക് സമീപം വൈകുന്നേരത്തോടെ അപകടത്തിൽപ്പെട്ടത്. അപകടത്തിൽ ആർക്കും പരിക്കില്ല.

********************************

## അഷ്ടമിരോഹിണി വള്ളസദ്യ (ഇൻട്രോ)

ആറന്മുള പാർഥസാരഥിക്ഷേത്രത്തിൽ 14നു നടക്കുന്ന അഷ്ടമിരോഹിണി വള്ളസദ്യയ്ക്കുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. പാചക ഊട്ടുപുരയിലെ അടുപ്പിൽ അഗ്നി പകരുന്ന ചടങ്ങ് ഇന്ന് നടന്നു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ........**

(വോയ്സ്)

********************************

## ജലവിതരണം മുടങ്ങും

കേരള വാട്ടർ അതോറിറ്റിയുടെ പോങ്ങുംമൂട് ജലസംഭരണി വൃത്തിയാക്കുന്ന പണികൾ നടത്തുന്നതിനാൽ,ഈ മാസം 16,17 തീയതികളിൽ ഉള്ളൂർ, പോങ്ങുംമൂട്, പ്രശാന്ത് നഗർ, ഉൾപ്പെടെ തിരുവനന്തപുരം നഗരത്തിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള വിതരണം പൂർണമായും മുടങ്ങും . ഉപഭോക്താക്കൾ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു..

*******************************

## ടി-20 ക്രിക്കറ്റ്

ഏഷ്യാ കപ്പ് ട്വൻറി-20 ക്രിക്കറ്റിൽ പാകിസ്ഥാൻ ഇന്ന് ഒമാനെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഇന്ത്യയും പാകിസ്ഥാനുമായുള്ള മത്സരം മറ്റന്നാളാണ്.

RNU TVPM

*******************************

## വെൽനസ് ക്ലിനിക് - വീണാ ജോർജ്

സ്ത്രീകൾക്കായി പ്രത്യേക വെൽനസ് ക്ലിനിക് പദ്ധതിയുടെ ഉദ്ഘാടനം സംസ്ഥാനത്ത് ഈ മാസം 16ന് നടക്കുമെന്ന് മന്ത്രി വീണാ ജോർജ്. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ചൊവ്വാഴ്ചകളിൽ നടക്കുന്ന ക്ലിനിക്കുകളിലൂടെ വിളർച്ച, പ്രമേഹം, രക്താതിമർദം, കാൻസർ സ്ക്രീനിംഗ് തുടങ്ങിയവയും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കണ്ടെത്താൻ സാധിക്കും. .

*************************************** ******************************

*******************************